DESPATCHED
On 08/06/2020

27/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1354(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.9051/SIC-Gen 2/2013**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.എം.സാമുവൽ,
പ്രസിഡണ്ട്,
ജനശക്തി കേരള,
കൈതപ്പൊയിൽ, കോഴിക്കോട് - 673 586.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   പുതുപ്പാടി ഗ്രാമപഞ്ചായത്ത്,
   പുതുപ്പാടി പി.ഒ., കോഴിക്കോട് - 673 586.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
   കോഴിക്കോട്.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ പുതുപ്പാടി ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡ് ഗ്രാമസഭയുടെ മിനിറ്റ്സും, സോഷ്യൽ ഓഡിറ്റ് രജിസ്റ്ററും പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയും തുടർന്ന് ടി രേഖകളുടെ പരിശോധനയ്ക്കുശേഷം ആവശ്യപ്പെട്ട രേഖകളുടെ പകർപ്പും കൃത്യ സമയത്തു ലഭിച്ചില്ല എന്നു പരാതിപ്പെട്ടാണ് ടിയാൻ 29.06.13ന് കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 30.07.13ൽ ഒന്നാം എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നത് അപ്പീൽ ഹർജിക്കാരൻ 24.05.13ൽ നൽകിയ വിവരാവകാശ അപേക്ഷ പ്രകാരം രേഖകൾ പരിശോധിക്കാൻ 03.06.13ൽ എത്തിച്ചേരുന്നതിന് 26.05.13ൽ ടിയാനെ രജിസ്ട്രേഡ് തപാൽ മുഖേന അറിയിച്ചുവെന്നും, 03.06.13ന് ടിയാൻ രേഖകൾ പരിശോധിക്കുകയും, ബന്ധപ്പെട്ട രേഖകളുടെ പകർപ്പിനായി അപേക്ഷകൾ നൽകുകയും, 20.06.13നു തന്നെ പകർപ്പുകൾ ലഭിക്കുന്നതിന് ഫീസ് ഒടുക്കാൻ രജിസ്ട്രേഡ് തപാൽ മുഖേന കത്തയച്ചുവെന്നും, ഇതനുസരിച്ച് 02.07.13ന്

ടിയാൻ രേഖകൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്നും പറയുന്നു. അപ്പീൽ ഹർജിക്കാരൻ രേഖകൾ 02.07.13ൽ കൈപ്പറ്റി എന്നത് തെളിയിക്കുന്നതിന് ഓഫീസിലെ ലോക്കൽ ഡലിവറി ബുക്കിലെ ബന്ധപ്പെട്ട പേജിന്റെ പകർപ്പും ഒന്നാം എതിർകക്ഷി കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്.

3. ഇതെല്ലാം പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരന് ഇതിനകം വിവരങ്ങളും രേഖകളും കിട്ടിയിട്ടുണ്ടെന്ന് കമ്മീഷൻ കരുതുന്നു. ഇത് ലഭിക്കുന്നതിനും മുമ്പാണ് ടിയാൻ കമ്മീഷന് അപ്പീൽ ഹർജി നൽകിയിട്ടുള്ളത്.

4. ഇതെല്ലാം കണക്കിലെടുത്ത് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 27–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.